# പതിനാലാം കേരള നിയമസഭ

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IV

## (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും

## (INDUSTRY AND MINERALS)

### ആനുകാലിക റിപ്പോർട്ട്

(2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെ)

**(PERIODICAL REPORT FROM 1ST APRIL 2015 TO 31ST MARCH 2016)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2016 സെപ്റ്റംബർ 27-ാം തീയതി സമർപ്പിച്ചത്

(Presented on 27th September, 2016)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2016

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IV

# (SUBJECT COMMITTEE IV)

# വ്യവസായവും ധാതുക്കളും

# (INDUSTRY AND MINERALS)

**ആനുകാലിക റിപ്പോർട്ട്**

(2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെ)

**(PERIODICAL REPORT FROM 1ST APRIL 2015 TO 31ST MARCH 2016)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

993/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 16 |

# സബ്ജക്ട് കമ്മിറ്റി IV

## വ്യവസായവും ധാതുക്കളും

## (2016-2018)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. ഇ. പി. ജയരാജൻ,
വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ഡോ. ടി. എം. തോമസ് ഐസക്,
ധനകാര്യവും കയറും വകുപ്പുമന്ത്രി.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,
മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. ആന്റണി ജോൺ

പ്രൊഫ. കെ. യു. അരുണൻ

ശ്രീ. സി. ദിവാകരൻ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. ഹൈബി ഈഡൻ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. എൻ. വിജയൻ പിള്ള

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ വി., അണ്ടർ സെക്രട്ടറി.

## അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2013 ഡിസംബർ 27-ാം തീയതി രൂപീകൃതമായ സമിതി 2016 മേയ് 20-ാം തീയതി പതിമൂന്നാം കേരള നിയമസഭയുടെ കാലാവധി അവസാനിക്കുന്നതുവരെ തുടർന്നു.

1-4-2015 മുതൽ 31-3-2016 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 6 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ മൂന്ന് യോഗങ്ങൾ 2015-16-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കായും ഓരോ യോഗങ്ങൾ വീതം ബില്ലിന്റെ പരിഗണന, കരട് ചട്ടങ്ങൾ, സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങൾ എന്നിവയുടെ പരിഗണന, വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടുകൾ, 2014-15-ലെ ആനുകാലിക റിപ്പോർട്ട്, ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 'ഫ്രണ്ട്സ് ' ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം, 'അക്ഷയ പദ്ധതി' എന്നിവ സംബന്ധിച്ച കരട് റിപ്പോർട്ടുകൾ തുടങ്ങിയവയുടെ പരിഗണനയ്ക്കായും ചേർന്നു. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 39.4% ആയിരുന്നു.

ഈ റിപ്പോർട്ട് നാല് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം ഭാഗത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ, രണ്ടാം ഭാഗത്തിൽ സമിതി പരിശോധിച്ച ബില്ലിന്റെ വിശദാംശങ്ങൾ, മൂന്നാം ഭാഗത്തിൽ സമിതി പരിശോധിച്ച ചട്ടങ്ങൾ സംബന്ധിച്ച വിവരങ്ങൾ, നാലാം ഭാഗത്തിൽ റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ച ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മുൻറിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് 2016 ആഗസ്റ്റ് 18-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

ഇ. പി. ജയരാജൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2016 ആഗസ്റ്റ് 18.

# റിപ്പോർട്ട്

ഭാഗം I

1. വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 16-4-2015, 29-4-2015 എന്നീ തീയതികളിൽ യോഗം ചേർന്ന് 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട 'ധനാഭ്യർത്ഥന നമ്പർ XXXVII- വ്യവസായങ്ങൾ'-ലെ വിവിധ ശീർഷകങ്ങളിലെ ബഡ്ജറ്റ് വിഹിതം പരിശോധിക്കുകയും പ്രസ്തുത പരിശോധന സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിന്റെ കരട് 04-5-2015-ൽ അംഗീകരിക്കുകയും 2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 'ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളുടെ പ്രവർത്തനം', 'അക്ഷയ പദ്ധതി' എന്നിവ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് 30-6-2015-ലെ യോഗം അംഗീകരിക്കുകയും 2015 ജൂലൈ 7-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. സമിതിയുടെ 1-4-2014 മുതൽ 31-3-2015 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2014-2015 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ 30-6-2015-ലെ യോഗം അംഗീകരിക്കുകയും 2015 ജൂലൈ 7-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## ഭാഗം II

## ദി കേരള കാഷ്യൂ ഫാക്ടറീസ് (അക്വിസിഷൻ) അമെന്റ്മെന്റ് ബിൽ, 2015

2015-ലെ 'ദി കേരള കാഷ്യൂ ഫാക്ടറീസ് (അക്വിസിഷൻ) (അമെൻഡ്മെന്റ്)ബിൽ' 2015 ജൂലൈ 23-ാം തീയതി ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 2015 ജൂലൈ 24-ാം തീയതി സഭയിൽ സമർപ്പിച്ചു.

## ഭാഗം III

(I) കരട് ചട്ടം

ദി കേരള ഇൻഫർമേഷൻ ടെക്നോളജി (ഇലക്ട്രോണിക് ഡെലിവറി ഓഫ് സർവ്വീസസ്)അമെന്റ്മെന്റ് റൂൾസ്, 2015

സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് എത്തിക്കുന്നത് സാധ്യമാക്കുന്നതിനായി 2010-ലെ കേരള വിവരസാങ്കേതികവിദ്യാ (ഇലക്ട്രോണിക് സേവനങ്ങളുടെ വിതരണം) ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന 2015-ലെ കേരള വിവരസാങ്കേതികവിദ്യ (ഇലക്ട്രോണിക് സേവനങ്ങളുടെ വിതരണം) ഭേദഗതി ചട്ടങ്ങളുടെ കരട് 2015 സെപ്റ്റംബർ 9-ാം തീയതി സമിതി പരിശോധിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(II) എസ്.ആർ.ഒ കളുടെ സാധൂകരണം

(1) ദി കേരള മൈനർ മിനറൽ കൺസഷൻ (അമെൻഡ്മെന്റ്) റൂൾസ്, 2015

(എസ്.ആർ.ഒ നമ്പർ 28/2015)

ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷൻ പാട്ടത്തിനെടുത്ത ഭൂമിയിൽ നിന്നും ചെറുകിട ധാതുക്കൾ എടുക്കുന്നതിന് പെർമിറ്റ് അല്ലെങ്കിൽ പാട്ടം, റോയൽറ്റി എന്നിവ ഒഴിവാക്കി നൽകുന്നതിനായുള്ള 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ (അമെൻഡ്മെന്റ്)റൂൾസ് (എസ്.ആർ.ഒ.നം.28/2015) 2015 സെപ്റ്റംബർ 9-ാം തീയതി സമിതി പരിശോധിക്കുകയും ഭേദഗതി കൂടാതെ സാധൂകരിക്കുകയും ചെയ്തു.

(2) കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്, 1967-ലെ ചട്ടം 62 പ്രകാരമുള്ള വിജ്ഞാപനം

(എസ്.ആർ.ഒ. നം.27/2015)

കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്, 1967-ലെ ചട്ടം 62 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് കൈമാറുന്നത് സംബന്ധിച്ച വിജ്ഞാപനം (എസ്.ആർ.ഒ. നം.27/2015) 2015 സെപ്റ്റംബർ 9-ാം തീയതി സമിതി പരിശോധിക്കുകയും ഭേദഗതി കൂടാതെ സാധൂകരിക്കുകയും ചെയ്തു.

(3) ദി കേരള മൈനർ മിനറൽ കൺസഷൻ (അമെൻഡ്മെന്റ്)റൂൾസ്, 2015 (എസ്.ആർ.ഒ.നം.18/2015)

1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ഷെഡ്യൂൾ I, IV, V എന്നിവ പ്രകാരം ക്വാറിയിംഗ് പെർമിറ്റ്/ലീസ് ഉടമകളിൽ നിന്നും സർക്കാർ ഈടാക്കി വരുന്ന റോയൽറ്റി നിരക്കുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ (അമെൻഡ്മെന്റ്) റൂൾസ് (എസ്.ആർ.ഒ.നം.18/2015) 2015 സെപ്റ്റംബർ 9-ാം തീയതി സമിതി പരിശോധിക്കുകയും ഭേദഗതി കൂടാതെ സാധൂകരിക്കുകയും ചെയ്തു.

(4) ദി കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്, 2015 (എസ്.ആർ.ഒ.നം.72/2015)

1967-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് സമഗ്രമായി പുന:പരിശോധിച്ച്, പരിഷ്കരിക്കുന്നതിനുള്ള 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് (എസ്.ആർ.ഒ.നം.72/2015) 2015 സെപ്റ്റംബർ 9-ാം തീയതി സമിതി പരിശോധിക്കുകയും ഭേദഗതി കൂടാതെ സാധൂകരിക്കുകയും ചെയ്തു.

(5) ദി കേരള മിനറൽ (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആന്റ് ട്രാൻസ്പോർട്ടേഷൻ) റൂൾസ്, 2015 (എസ്.ആർ.ഒ.നം.73/2015)

കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് സമഗ്രമായി പരിഷ്കരിച്ച് ധാതുക്കളുടെ ശേഖരണം, കടത്ത് എന്നിവ നിയന്ത്രിക്കുന്നതിനുള്ള 2015-ലെ കേരള മിനറൽ (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആന്റ് ട്രാൻസ്പോർട്ടേഷൻ) റൂൾസ് (എസ്.ആർ.ഒ.നം.73/2015) 2015 സെപ്റ്റംബർ 9-ാം തീയതി സമിതി പരിശോധിക്കുകയും ഭേദഗതി കൂടാതെ സാധൂകരിക്കുകയും ചെയ്തു.

ഭാഗം IV

വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ, സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 3072/സബ്സി ബി2/12/ലെജി)

ശിപാർശ

കേരളസ്റ്റേറ്റ് പാൽമിറ പ്രോഡക്ട്സ് ഡെവലപ്മെന്റ് ആന്റ് വർക്കേഴ്സ് വെൽഫെയർ കോർപ്പറേഷന്റെ വിവിധ പദ്ധതികൾക്ക് 2012-13-ൽ ആവശ്യമായ തുക ചുവടെ ചേർക്കുന്നു

| | |
|---|---|
| (എ) സമഗ്രതൊഴിലാളി ക്ഷേമപദ്ധതി | - 50 ലക്ഷം രൂപ |
| (ബി) കരിമ്പന കൃഷി പ്രോത്സാഹനവും സാമൂഹ്യ വനവത്കരണവും | - 60 ലക്ഷം രൂപ |
| (സി) കരിമ്പന ഗവേഷണ കേന്ദ്രം | - 50 ലക്ഷം രൂപ |
| (ഡി) അത്യാധുനിക ശീതളപാനീയ യൂണിറ്റ് സ്ഥാപിക്കാൻ പ്രാരംഭ ചെലവ് | - 50 ലക്ഷം രൂപ |
| (ഇ) ശീതളപാനീയ നിർമ്മാണ പരിശീലനം, പനയോല കരകൗശല ഉൽപന്നങ്ങളുടെ നിർമ്മാണം, ഫർണീച്ചർ/ബ്രഷ് നിർമ്മാണം എന്നിവയിൽ പരിശീലനം | - 50 ലക്ഷം രൂപ |

| | |
|---|---|
| (എഫ്) കുറഞ്ഞ പലിശ നിരക്കിലുള്ള NBCFDC യുടെ വായ്പാ പദ്ധതി | - 27 ലക്ഷം രൂപ |
| (ജി) ആരോഗ്യഔഷധ കരിമ്പന ഉൽപ്പന്ന വികസനവും വ്യാപനവും | - 25 ലക്ഷം രൂപ |
| ആകെ | - 312 ലക്ഷം രൂപ |

മുകളിൽ സൂചിപ്പിച്ച വിവിധ പദ്ധതികൾക്കായി കെൽപാമിന് 312 ലക്ഷം രൂപ ആവശ്യമാണ്. ആയതിനാൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന 25 ലക്ഷം രൂപ കൂടാതെ 2.87 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 25,26)

## ശിപാർശ

തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന എസ്.എം.എസ്.എം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശതാബ്ദി സ്മാരകമായി പുതുതായി പണികഴിപ്പിക്കുന്ന ഇരുനില കെട്ടിടത്തിന്റെ ഇന്റീരിയർ ഡെക്കറേഷന് 50 ലക്ഷം രൂപ ആവശ്യമുള്ളതിനാൽ 4851-00-104-99 എന്ന പ്ലാൻ ഹെഡിൽ അനുവദിച്ച 2 കോടി രൂപയ്ക്കു പുറമേ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 33)

## ശിപാർശ

കരകൗശല ശില്പികൾക്ക് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള രാജീവ്ഗാന്ധി ശിൽപി സ്വാസ്ഥ്യ ബീമായോജന എന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ കരകൗശല തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനായി കഴിഞ്ഞ രണ്ടു വർഷങ്ങളിലും ഒരു ലക്ഷം രൂപ വീതം ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്നുവെങ്കിലും 2012-13-ൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ ഈ ആവശ്യത്തിനായി 2851-00-104-77 എന്ന പ്ലാൻ ഹെഡ്ഡിൽ ഒരു ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2012-13 സാമ്പത്തിക വർഷത്തിൽ അധിക തുക വകയിരുത്തുവാൻ സാധിച്ചിട്ടില്ല.

(ഖണ്ഡിക 25,26,33,34)

(സർക്കാർ കത്ത് നമ്പർ 19323/കെ3/2013/വ്യവ. തീയതി 28-4-2015 )

(ഡിലെ സ്റ്റേറ്റ്മെന്റ് 01-7-2015-ന് സഭയിൽ സമർപ്പിച്ചു).

(റഫ. നം. 19323/കെ3/2013/വ്യവ. തീയതി 28-4-2015)

## <u>2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 2798/സബ്സി ബി2/2013/നി.സെ)

<u>ശിപാർശ</u>

കൈത്തറി തുണി പ്രോത്സാഹിപ്പിക്കുന്നതിനായി നൽകിയ റിബേറ്റ് കുടിശ്ശിക നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 3 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 3 കോടി രൂപ കൂടി നൽകണമെന്ന് ശിപാർശ ചെയ്തെങ്കിലും 2013-14 വർഷം അധികവിഭവ സമാഹരണം നടത്താൻ കഴിയാഞ്ഞതിനാൽ തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 26884/സി2/2014/വ്യവ. തീയതി 07-5-2015 )

(ഡിലെ സ്റ്റേറ്റ്മെന്റ് 01-12-2015-ന് സഭയിൽ സമർപ്പിച്ചു.)

(റഫ. നം. 26884/സി2/14/വ്യവ. തീയതി 13-8-2015)

<u>ശിപാർശ</u>

തിരുവനന്തപുരത്തെ ഡെമോൺസ്ട്രേഷൻ കം-ട്രെയിനിംഗ് സെന്റർ ഐ.ഐ.എച്ച്.റ്റി,കണ്ണൂർ, ടെക്സ്ഫെഡ്, സംയോജിത യന്ത്രത്തറി സംഘങ്ങൾ എന്നിവ മുഖേന കൈത്തറി-യന്ത്രത്തറി സഹകരണ സംഘങ്ങളിലെ

അംഗങ്ങൾക്കും മറ്റ് സംരംഭകർക്കും നെയ്ത്ത്, ഡിസൈനിംഗ് മുതലായവയിൽ പരിശീലനം നൽകുന്നതിനുദ്ദേശിച്ചുള്ള പദ്ധതിക്ക് 150 നെയ്ത്തുകാർക്കുള്ള പരിശീലനത്തിനായി 25 ലക്ഷം രൂപയാണ് സംസ്ഥാന വിഹിതമായി വകകൊള്ളിച്ചിരിക്കുന്നത്. കൈത്തറി ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിലുള്ള ഡെമോൺസ്ട്രേഷൻ കം ട്രെയിനിംഗ് സെന്ററിന്റെ വാടക കുടിശ്ശികയും വൈദ്യുതി ചാർജ്ജും കൂടി നൽകുന്നതിന് പ്രസ്തുത തുക പര്യാപ്തമല്ല. ആയതിനാൽ 5.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

2013-14 സാമ്പത്തികവർഷം യന്ത്രത്തറി പരിശീലനത്തിന് പ്രതീക്ഷിച്ചിരുന്ന ചെലവ് വന്നില്ല. ആകയാൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള 5.75 ലക്ഷം രൂപ അധികമായി വകയിരുത്തി തുടർനടപടി സ്വീകരിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 26884/സി2/2014/വ്യവ. തീയതി 07-5-2015)

(ഡിലെ സ്റ്റേറ്റ്മെന്റ് 01-12-2015-ന് സഭയിൽ സമർപ്പിച്ചു.)

(ഫ. നം. 26884/സി2/2014/വ്യവ. തീയതി 13-8-2015)

<u>ശിപാർശ</u>

സ്മാർട്ട് സിറ്റി, ഇൻഫോപാർക്ക്, കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, എറണാകുളം എന്നിവിടങ്ങളിലെ ജലവിതരണം, റോഡ് എന്നിവ മെച്ചപ്പെടുത്തുന്നതിനു വേണ്ടി ബഡ്ജറ്റ് പ്രസംഗത്തിൽ 15 കോടി രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത വികസന പ്രവർത്തനങ്ങൾക്കായി 15 കോടി രൂപ വകയിരുത്തിയിട്ടുള്ളത് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

<u>സ്വീകരിച്ച നടപടി</u>

എറണാകുളത്ത് കാക്കനാട്ടുള്ള കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, സ്മാർട്ട് സിറ്റി, ഇൻഫോപാർക്ക് എന്നിവയിലേയ്ക്കുള്ള

ജലവിതരണത്തിനു വേണ്ടി 40 കോടി രൂപയുടെ പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. 2013-14 സാമ്പത്തികവർഷം 5 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണനടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(സർക്കാർ കത്ത് നമ്പർ 22183/ജി1/2013/വ്യവ. തീയതി 05-11-2014)

(ഡിലെ സ്റ്റേറ്റ്മെന്റ് 23-3-2015-ന് സഭയിൽ സമർപ്പിച്ചു.)

(റഫ. നം. 33773/ജി1/2014/വ്യവ. തീയതി 29-01-2015)

## ശിപാർശ

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ വൻകിട വ്യവസായ വാണിജ്യ മേഖലകൾ സ്ഥാപിക്കുവാൻ കിൻഫ്ര പദ്ധതി ആവിഷ്കരിക്കുന്നുണ്ട്. ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിന് 25 കോടി രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. ഏകദേശം 2000 ഏക്കർ സ്ഥലം കേരളത്തിന്റെ വിവിധ ജില്ലകളിൽ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതിനാൽ ഇതിനനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ ഭൂമി ഏറ്റെടുക്കുന്നതിനായി 200 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 42)

## സ്വീകരിച്ച നടപടി

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ വൻനഗരങ്ങളും അതിനോടടുത്തു കിടക്കുന്ന നഗരങ്ങളും ബന്ധിപ്പിച്ച് ഭൂമി ഏറ്റെടുക്കുവാൻ സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനു വേണ്ടി 2014-15 ബഡ്ജറ്റിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്ഥലമെടുപ്പു നടപടികൾ പുരോഗമിച്ചു വരുന്നു.

(സർക്കാർ കത്ത് നമ്പർ 22183/ജി1/2013/വ്യവ. തീയതി 05-11-2014)

(ഡിലെ സ്റ്റേറ്റ്മെന്റ് 23-3-2015-ന് സഭയിൽ സമർപ്പിച്ചു.)

(റഫ. നം. 33773/ജി1/2014/വ്യവ. തീയതി 29-01-2015)

ശിപാർശ

ലോകത്തിന്റെ ആയുർവ്വേദ തലസ്ഥാനം എന്ന പദവിയിലേയ്ക്ക് കേരളത്തെ ഉയർത്തുന്നതിനുവേണ്ടി കിൻഫ്രയുടെ നേതൃത്വത്തിൽ ആവിഷ്കരിക്കുന്ന ഒരു പദ്ധതിയാണ് ഗ്ലോബൽ ആയുർവ്വേദ വില്ലേജ്. ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിനായി 5 കോടി രൂപ 2012-13 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിരുന്നത് ലഭ്യമായിട്ടില്ല. പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ 7.58 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. രണ്ടാം ഘട്ട വികസനത്തിന് തിരുവനന്തപുരത്ത് വർക്കലയിൽ 68 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള അംഗീകാരത്തിന് സർക്കാരിനെ സമീപിച്ചിരിക്കുന്നതിനാൽ ഇതിനും തുക വേണ്ടതായിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനും പ്രാരംഭ നിർമ്മാണ പ്രവർത്തനത്തിനുമായി 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-43)

സ്വീകരിച്ച നടപടി

സർക്കാരിന്റെ 2012-13 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു പദ്ധതിയാണ് ഗ്ലോബൽ ആയുർവ്വേദ വില്ലേജ്. 193 കോടി രൂപ മുതൽമുടക്കുള്ള ഈ പദ്ധതി PPP മാതൃകയിലാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയ്ക്ക് സർക്കാരിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. M/s APITCO, Hyderabad എന്ന കമ്പനി ഇതുമായി ബന്ധപ്പെട്ട Detailed Project Report തയ്യാറാക്കി കഴിഞ്ഞു. ഇതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ സ്ഥലം കണ്ടെത്തുകയും പദ്ധതിക്ക് തറക്കല്ലിടുകയും ചെയ്തു കഴിഞ്ഞു. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. 2014-15 ബഡ്ജറ്റിൽ വിവിധ പദ്ധതികൾക്കായി കിൻഫ്രയ്ക്ക് അനുവദിച്ചിട്ടുള്ള തുകയിൽ ഗ്ലോബൽ ആയുർവ്വേദ വില്ലേജിനും തുക വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 22183/ജി1/2013/വ്യവ. തീയതി 05-11-2014)
(ഡിലെ സ്റ്റേറ്റ്മെന്റ് 23-3-2015-ന് സഭയിൽ സമർപ്പിച്ചു.)
(റഫ. നം. 33773/ജി1/2014/വ്യവ. തീയതി 29-01-2015)

ശിപാർശ

അണക്കെട്ടിൽ നിന്ന് ചെളിയും മണലും നീക്കുന്നതിനുള്ള 'ഡീസിൽറ്റിംഗ്' പദ്ധതി പ്രകാരം മലമ്പുഴ, ചുള്ളിയാർ, വാളയാർ എന്നീ അണക്കെട്ടുകളിൽ നിന്നും ചെളിയും മണലും നീക്കം ചെയ്ത് അണക്കെട്ടിന്റെ സംഭരണ ശേഷി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. വേർതിരിച്ചെടുക്കുന്ന മണൽ സംസ്ഥാനത്തെ മണൽക്ഷാമം ഒരു പരിധിവരെ പരിഹരിക്കുന്നതിനും സഹായകമാകും. കൂടാതെ മണൽ വേർതിരിച്ച് കിട്ടുന്ന ചെളി, ഇഷ്ടിക, ഓട് മുതലായവയുടെ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുവായി ആ മേഖലയിലുള്ളവർക്ക് വിതരണം ചെയ്യാവുന്നതാണ്. ഒരു വർഷം ഏകദേശം 6 ലക്ഷം ടൺ മണലും 0.6 ലക്ഷം ടൺ ചെളിയും ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിടുന്ന ഈ പദ്ധതിക്ക് 10.17 കോടി രൂപ മൂലധന ചെലവും 15 കോടി രൂപ ലാഭവും പ്രതീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിക്കായി 10.17 കോടി രൂപ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-44)

ക്രൂഡോയിൽ, പ്രകൃതിവാതകം എന്നിവയുടെ ഖനനത്തിൽ ശിലകളിലെ സുഷിരങ്ങളിൽനിന്നും ഇവയുടെ ഒഴുക്ക് കുറയാതെ സംരക്ഷിക്കുന്നതിന് ഉപയോഗിച്ചുവരുന്ന 'ഫ്രാക് സാന്റ്' കേരളത്തിലെ വിവിധതരം മണലുകളിൽ നിന്നും ഉണ്ടാക്കുവാൻ ലക്ഷ്യമിടുന്നതാണ് 'കെംഡൽ പദ്ധതി'. ഈ പദ്ധതിയ്ക്ക് ഏകദേശം 635 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽ 410 ലക്ഷം രൂപ സ്ഥിര മൂലധനവും 225 ലക്ഷം രൂപ ആവർത്തന ചെലവുകൾക്കുമായി കണക്കാക്കിയിരിക്കുന്നു. ആദ്യ വർഷം ഏകദേശം 5760 ടൺ ഫ്രാക് സാന്റ്, 1440 ടൺ വേസ്റ്റ് മണൽ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. ഏകദേശം 6.35 കോടി രൂപ മൂലധന ചെലവും 7.2 കോടി വരവും 5.43 കോടി രൂപ റവന്യൂ ചെലവും 1.77 കോടി രൂപ മിച്ചവും പ്രതീക്ഷിക്കുന്ന പദ്ധതിക്കായി 4.10 കോടി രൂപ (സ്ഥിര മൂലധനം) ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-45)

സ്വീകരിച്ച നടപടി

ടി പ്രോജക്ടുകൾക്കായി 2013-14 സാമ്പത്തിക വർഷം സർക്കാരിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല. (ഖണ്ഡിക-44,45)

(സർക്കാർ കത്ത് നമ്പർ 34967/എച്ച്3/2014/വ്യവ. തീയതി 08-01-2015)

(ഡിലെ സ്റ്റേറ്റ്മെന്റ് 01-7-2015-ന് സഭയിൽ സമർപ്പിച്ചു.)

(റഫ. നം. 3043/എച്ച്3/2015/വ്യവ. തീയതി 24-4-2015)

ശിപാർശ

കെ.എസ്.ഡി.പി യുടെ നവീകരണത്തിന്റെ രണ്ടാം ഘട്ടമായി നോൺ ബീറ്റാലാക്ടം ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയ്ക്കായി സർക്കാരിന് സമർപ്പിച്ചിട്ടുള്ള 65 കോടി രൂപയുടെ പ്രൊപ്പോസൽ നടപ്പാക്കുന്നതിന് 2012-13 വർഷത്തിൽ 2.50 കോടി രൂപ അനുവദിച്ചിരുന്നു. 2013-14 വർഷത്തിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് വേണ്ടി 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-51)

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തിൽ സാമ്പത്തിക സഹായം അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 36965/എച്ച്3/2014/വ്യവ. തീയതി 08-01-2015)

(ഡിലെ സ്റ്റേറ്റ്മെന്റ് 01-7-2015-ന് സഭയിൽ സമർപ്പിച്ചു.)

(റഫ. നം. 3043/എച്ച്3/2015/വ്യവ. തീയതി 24-4-2015)

<u>ശിപാർശ</u>

പുതിയ ഒരു ലബോറട്ടറി സ്ഥാപിക്കുന്നതിനുവേണ്ടി 160 ലക്ഷം രൂപ സർക്കാരിൽ നിന്നും ലഭിച്ചിരുന്നു. എന്നാൽ 2010-ൽ എസ്റ്റിമേറ്റ് ചെയ്തതിനേക്കാൾ കൂടുതൽ തുക ലാബിന്റെ നിർമ്മാണത്തിനായി ആവശ്യമായി വരുന്നതിനാൽ ലാബിന്റെ പണി പൂർത്തീകരിക്കുന്നതിന് മൊത്തം 290 ലക്ഷം രൂപ മുടക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ലബോറട്ടറി സ്ഥാപിക്കുന്നതിലേയ്ക്കായി അനുവദിച്ച തുകയേക്കാൾ 1.30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക-52)

<u>സ്വീകരിച്ച നടപടി</u>

എൻ.എ.ബി.എൽ ലബോറട്ടറിയുടെ പണി പൂർത്തീകരിക്കുന്നതിന് 290 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അധിക തുകയായ 1.30 കോടി രൂപ 2013-14 സാമ്പത്തിക വർഷം സർക്കാർ നൽകിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 36965/എച്ച്3/2014/വ്യവ. തീയതി 08-01-2015)

(ഡിലെ സ്റ്റേറ്റ്മെന്റ് 01-7-2015-ന് സഭയിൽ സമർപ്പിച്ചു.)

(റഫ. നം. 3043/എച്ച്3/2015/വ്യവ. തീയതി 24-4-2015)

<u>ശിപാർശ</u>

കെ.എസ്.ഡി.പി-യുടെ നവീകരണത്തോടനുബന്ധിച്ച് ബീറ്റാലാക്ടം ഇൻജക്ഷൻ യൂണിറ്റ് സ്ഥാപിക്കുവാൻ അനുമതി ലഭിക്കുകയും ഇതിലേയ്ക്കായി 426.20 ലക്ഷം രൂപ ലഭിച്ചുവെങ്കിലും പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 989 ലക്ഷം രൂപയുടെ മുതൽമുടക്ക് ആവശ്യമുണ്ട്. ഇൻഫ്രാസ്ട്രക്ചർ സ്ഥാപിച്ചു കഴിഞ്ഞെങ്കിലും ഉപകരണങ്ങൾക്കുള്ള തുക വേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത പ്രോജക്ടിന്റെ പൂർത്തീകരണത്തിനായി ബാക്കി തുകയായ 562.80 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-53)

<u>സ്വീകരിച്ച നടപടി</u>

ബീറ്റാലാക്ടം ഇൻജക്ഷൻ പദ്ധതി സ്ഥാപിക്കുന്നതിന് 989 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അധിക തുക കമ്പനിയുടെ സ്വന്തം ഫണ്ടിൽ നിന്നും കണ്ടെത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 36965/എച്ച്3/2014/വ്യവ. തീയതി 08-01-2015)
(ഡിലെ സ്റ്റേറ്റ്മെന്റ് 01-7-2015-ന് സഭയിൽ സമർപ്പിച്ചു.)
(റഫ. നം. 3043/എച്ച്3/2015/വ്യവ. തീയതി 24-4-2015)

<u>ശിപാർശ</u>

വൈറ്റമിൻ 'എ' പ്ലാന്റിന്റെ പ്രവർത്തനത്തോടനുബന്ധിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 143 ലക്ഷം രൂപയുടെ കുടിശ്ശിക കമ്പനി നൽകുവാനുണ്ട്. ഇതിൽ കറണ്ട് ചാർജ്ജായ 52.45 ലക്ഷം രൂപ മാത്രം ഈടാക്കി, പലിശയും ഡിമാന്റ് ചാർജ്ജുമായ ബാക്കി തുകയും ഒഴിവാക്കിക്കൊടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കറണ്ട് ചാർജ്ജ് അടയ്ക്കുന്നതിന് മൂലധനത്തിൽ നിന്നും പണമെടുക്കുന്നത് കമ്പനിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ കറന്റ് ചാർജ് തുകയായ 52.45 ലക്ഷം രൂപ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-54)

<u>സ്വീകരിച്ച നടപടി</u>

കെ.എസ്.ഇ.ബിയ്ക്കുള്ള 143 ലക്ഷം രൂപയുടെ കുടിശ്ശികയിൽ എനർജി ചാർജ്ജായ 52.45 ലക്ഷം രൂപ അടച്ചുതീർത്തിട്ടുണ്ട്. എന്നാൽ ബാക്കി തുകയായ മിനിമം ഡിമാൻഡ്സും പലിശയും ഒഴിവാക്കി തരുന്നതിന് കെ.എസ്.ഇ.ബി തയ്യാറായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 36965/എച്ച്3/2014/വ്യവ. തീയതി 08-01-2015)
(ഡിലെ സ്റ്റേറ്റ്മെന്റ് 01-7-2015-ന് സഭയിൽ സമർപ്പിച്ചു.)
(റഫ. നം. 3043/എച്ച്3/2015/വ്യവ. തീയതി 24-4-2015)

## ശിപാർശ

സെയിൽസ് ടാക്സിന്റെ ആംനസ്റ്റി സ്കീം പ്രകാരം കമ്പനി സെയിൽസ് ടാക്സ് ഇനത്തിൽ 57 ലക്ഷം രൂപ അടയ്ക്കുവാനുണ്ട്. കമ്പനിയുടെ കൈവശമുള്ള ഫണ്ടിൽ നിന്നും ഈ തുക അടച്ചാൽ അത് കമ്പനിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതാണ്. ആയതിനാൽ സെയിൽസ് ടാക്സ് കുടിശ്ശിക അടയ്ക്കുന്നതിൽ നിന്ന് കമ്പനിയെ ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-55)

## സ്വീകരിച്ച നടപടി

സെയിൽസ് ടാക്സ് കുടിശ്ശിക ആംനസ്റ്റി സ്കീം പ്രകാരം 57 ലക്ഷം രൂപ അടച്ച തീർത്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 36965/എച്ച്3/2014/വ്യവ. തീയതി 08-01-2015)

(ഡിലെ സ്റ്റേറ്റ്മെന്റ് 01-7-2015-ന് സഭയിൽ സമർപ്പിച്ചു.)

(റഫ. നം. 3043/എച്ച്3/2015/വ്യവ. തീയതി 24-4-2015)

## ശിപാർശ

കെ.എസ്.ഡി.പി ഉത്പാദിപ്പിക്കുന്ന മരുന്നുകൾ ഡി.എച്ച്.എസ്. മുഖേനയും മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേനയും വർഷങ്ങളായി സർക്കാർ ആശുപത്രികളിൽ നൽകിവരുന്നു. സർക്കാർ ആശുപത്രികളിലേയ്ക്കുള്ള മരുന്ന് ഉത്പാദിപ്പിച്ച് നൽകുന്നതിന് വേണ്ടി സ്ഥാപിച്ച കെ.എസ്.ഡി.പി-യ്ക്ക് സമീപകാലത്തായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലഭിക്കുന്ന ഓർഡർ വളരെ കുറവാണ്. ഇത് കമ്പനിയെ പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുന്ന സാഹചര്യം ഉളവാക്കുന്നു. ആയതിനാൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ആവശ്യമായ മരുന്നുകളുടെ 20% പരസ്പരം അംഗീകരിച്ച വിലയിൽ കെ.എസ്.ഡി.പി-യിൽ നിന്നും വാങ്ങേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-56)

## സ്വീകരിച്ച നടപടി

കെ.എസ്.ഡി.പി-യിൽ നിന്നും കൂടുതൽ മരുന്നുകൾ വാങ്ങുന്നതിനുള്ള നിർദ്ദേശം കെ.എം.എസ്.സി.എൽ-ന് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 36965/എച്ച്3/2014/വ്യ.വ. തീയതി 08-01-2015)

(ഡിലെ സ്റ്റേറ്റ്മെന്റ് 01-7-2015-ന് സഭയിൽ സമർപ്പിച്ചു.)

(റഫ. നം. 3043/എച്ച്3/2015/വ്യ.വ. തീയതി 24-4-2015)

ഇ. പി. ജയരാജൻ,
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി IV.

തിരുവനന്തപുരം,
2016 ആഗസ്റ്റ് 18.

## അനുബന്ധം

## വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV ന്റെ 16-4-2015 ലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV, 2015 ഏപ്രിൽ 16-ാം തീയതി, വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ.അടൂർ പ്രകാശ്, സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി ശ്രീ.സി.എൻ.ബാലകൃഷ്ണൻ എന്നിവരും പ്രസ്തുത യോഗത്തിൽ ഹാജരായി.

**ഹാജരായ മറ്റ് അംഗങ്ങൾ:**

1. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി, എം.എൽ.എ.
2. ശ്രീ.എ.എ.അസീസ്, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീ.ശുളസീധരൻ, അഡീഷണൽ സെക്രട്ടറി.
2. ശ്രീമതി എം.ആർ.മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ.ആർ.മോഹനദാസ്, അണ്ടർ സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ശ്രീ.പി.എച്ച്.കുര്യൻ,

   പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.
2. ശ്രീ.എ.ആർ.അജയകുമാർ,

   അഡീഷണൽ സെക്രട്ടറി,ധനകാര്യ വകുപ്പ്.
3. ശ്രീ.പി.എം.ഫ്രാൻസിസ്,

   ഡയറക്ടർ, വ്യവസായ വകുപ്പ്.

4. ശ്രീമതി കെ.എസ്.അനിത,

ഡയറക്ടർ, കയർ വികസന വകുപ്പ് (ഇൻചാർജ്ജ്)

5. ശ്രീ.സാം സി.ഇട്ടിച്ചെറിയ,

ഡയറക്ടർ, ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൈൽസ്.

6. ശ്രീ.പി.റ്റി.തോമസ്,

സെക്രട്ടറി, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്.

7. ശ്രീ.എസ്.പ്രകാശ്, മാനേജിംഗ് ഡയറക്ടർ, ഹാന്റക്സ്.

8. ശ്രീ.എബി പോൾ, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

2015-2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന "XXXVII-വ്യവസായങ്ങൾ" -ലെ 2851-ഗ്രാമ ചെറുകിട വ്യവസായങ്ങൾ, 2851-00-105-ഖാദി ഗ്രാമ വ്യവസായങ്ങൾ, 2851-00-106-കയർ വ്യവസായങ്ങൾ, 4851, 6851 എന്നീ കണക്കിനങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങൾ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

വ്യവസായ വാണിജ്യ വകുപ്പ് ആവശ്യപ്പെട്ടിരുന്ന 92.61 കോടി രൂപ യുടെ സ്ഥാനത്ത് 104.52 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതിനാൽ വ്യവസായ -വാണിജ്യ വകുപ്പിന് അധിക തുക ആവശ്യമില്ലെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബോധിപ്പിച്ചു. കേന്ദ്ര വിഹിതം ലഭിക്കുമെന്ന പ്രതീക്ഷയിൽ ചില കേന്ദ്രാവിഷ്കൃത പദ്ധതികൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചെങ്കിലും കേന്ദ്ര സർക്കാർ കുറെ പദ്ധതികൾ റദ്ദാക്കിയ സാഹചര്യത്തിൽ പ്രസ്തുത പദ്ധതികൾ സംസ്ഥാന പദ്ധതികളായി മാത്രമേ നടത്താൻ കഴിയുകയുള്ളു എന്നും ഇതു സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി പ്ലാനിംഗ് ബോർഡുമായി ചർച്ച നടത്തുന്നതാണെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

സ്റ്റാർട്ട് അപ് പദ്ധതിയിൻ കീഴിൽ തുക അനുവദിച്ചിട്ടുള്ളതിന്റെ വിവരങ്ങൾ സമിതി ആരാഞ്ഞു. സ്റ്റാർട്ട് അപ് പദ്ധതിക്കുവേണ്ടി കഴിഞ്ഞ വർഷവും ഈ വർഷവും 5 കോടി രൂപ വീതം ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇതിൽ

നടപ്പിലാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് തീരുമാനമായിട്ടില്ലെന്നും ടെക്നോളജീസ് സ്റ്റാർട്ട് അപ് പദ്ധതിയിൻ കീഴിൽ വന്ന ആയിരത്തോളം ഗ്രൂപ്പുകളിൽ നിന്നും മുന്നൂറോളം കമ്പനികൾ രൂപീകൃതമായിട്ടുള്ളതായും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

വിവിധ ശീർഷകങ്ങളിൽ അനുവദിച്ച തുക സംബന്ധിച്ച ചർച്ചയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ശിപാർശകൾ നൽകാൻ സമിതി തീരുമാനിച്ചു.

## കൈത്തറി യന്ത്രത്തറി വ്യവസായങ്ങൾ

2851-00-103-95 കൈത്തറിത്തുണി വിൽപനയിലെ റിബേറ്റ്

33 സബ്സിഡികൾ

കൈത്തറി ഉൽപ്പന്നങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനായി നൽകുന്ന റിബേറ്റിന്റെ കുടിശ്ശിക നൽകുന്നതിനും 2015-16-ലെ റിബേറ്റിനുമായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ കൈത്തറി വിൽപനയിലെ റിബേറ്റ് ഇനത്തിൽ 10.16 കോടിരൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-103-83- എൻഫോഴ്സ്മെന്റ് മെഷിനറി സ്ഥാപിക്കുന്നതിനുവേണ്ടി (100% കേന്ദ്ര സഹായം)

കൈത്തറി സംവരണ നിയമം നടപ്പാക്കുന്നതിനായുള്ള എൻഫോഴ്സ്മെന്റ് സംവിധാനത്തിന്റെ പ്രവർത്തന ചെലവുകൾ വഹിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ഒരു ലക്ഷം രൂപ പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 32 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-195-90 പ്രാഥമിക കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘങ്ങൾക്കുള്ള മാർജിൻ മണി സഹായം

കേന്ദ്രാവിഷ്കൃത പദ്ധതിയായ റിവൈവൽ, റിഫോം, റീസ്ട്രക്ചറിംഗ് പാക്കേജിന്റെ തുടർച്ചയായ കൈത്തറി സഹകരണ സംഘങ്ങൾക്ക് പ്രവർത്തന

മൂലധനത്തിന് ബാങ്ക് വായ്പ ലഭിക്കുന്നു. എന്നാൽ സംഘങ്ങൾക്ക് മാർജിനായി എടുക്കേണ്ട തുക ഇല്ലാത്തതിനാൽ സർക്കാർ സഹായം അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ മാർജിൻ മണി സഹായമായി 3 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

## ഖാദി വ്യവസായം

2851-00-105-99 കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഭരണപരമായ ചെലവുകൾ

36 സഹായധനം- ശമ്പളേതരം

ഖാദി തൊഴിലാളികൾക്കുള്ള ഉല്പാദന പ്രോത്സാഹനത്തിനും ഉത്സവകാല ഇൻസെന്റീവ് നൽകുന്ന പദ്ധതിയുമായി 2851-00-105-99-73 (പ്ലാൻ) എന്ന ശീർഷകത്തിൽ 515 ലക്ഷം രൂപ ആവശ്യപ്പെട്ടപ്പോൾ 2851-00-105-99-36 (പ്ലാൻ) എന്ന ശീർഷകത്തിൽ നെയ്ത്തുമേഖല ശക്തിപ്പെടുത്തൽ, നെയ്ത്തുകാർക്കും നൂൽ നൂൽപ്പുകാർക്കും ഉല്പാദന പ്രോത്സാഹനം നൽകൽ, സിൽക്ക് ഉൽപാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ തുടങ്ങിയവ ഉൾപ്പെടുന്ന പദ്ധതിയ്ക്കായി 400 ലക്ഷം രൂപയാണ് 2015-2016 ലെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. പന്ത്രണ്ടായിരത്തി അഞ്ഞൂറോളം തൊഴിലാളികൾക്ക് ഉല്പാദന പ്രോത്സാഹനവും ഉത്സവകാല ഇൻസെന്റീവും നൽകുന്നതിന് വകയിരുത്തിയ തുക പര്യാപ്തവുമല്ല. ആയതിനാൽ തുക ശരിയായ ശീർഷകത്തിലേയ്ക്ക് മാറ്റിനൽകണമെന്നും ബാക്കി 115 ലക്ഷം രൂപ കൂടി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യു.

2851-00-105-99 കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഭരണപരമായ ചെലവുകൾ

31 സഹായധനം- ശമ്പളം

ബോർഡിന്റെ ഭരണപരമായ ചെലവുകൾക്കായി 2015-16 വർഷത്തിൽ 5732.44 ലക്ഷം രൂപയുടെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും ഈ ഇനത്തിൽ 3037.21 ലക്ഷം രൂപ മാത്രമെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. ഭരണപരമായ ചെലവുകൾ പരമാവധി കുറച്ചാലും നിലവിലെ നിരക്കിൽ

ബോർഡിന് പ്രതിമാസം ഏകദേശം 300 ലക്ഷം രൂപ ചെലവാകുമെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിലെ നിരക്കനുസരിച്ച് ബഡ്ജറ്റിൽ അനുവദിച്ച തുക ഏകദേശം 10 മാസത്തെ ചെലവുകൾക്കേ പര്യാപ്തമാവുകയുള്ളൂ. കൂടാതെ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക ജി.പി.എഫ്-ൽ നിക്ഷേപിക്കേണ്ടതുണ്ട്. ആയതിനാൽ 2015-16 വർഷത്തിൽ ജീവനക്കാർക്കുള്ള പ്രതിമാസ ശമ്പളം, പെൻഷൻ എന്നിവയ്ക്കും അനുബന്ധ ചെലവുകൾക്കുമായി 500 ലക്ഷം രൂപ അധികമായി ആവശ്യമുണ്ട്. 1990-91 മുതൽ 2014-2015 ജനുവരി മാസം വരെ ഖാദി കമ്മീഷനിൽ തിരിച്ചടയ്ക്കാനുള്ള വായ്പ ഫണ്ടിൽ നിന്നും മറ്റ് ഫണ്ടുകളിൽ നിന്നും പദ്ധതിയേതര ഭരണപരമായ ചെലവുകൾക്കുവേണ്ടി ഏകദേശം 3920.74 ലക്ഷം രൂപ അധികമായി ചെലവാക്കിയിട്ടുള്ളതായും 2007-08 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ 2 കോടി രൂപ അനുവദിച്ചതിൽപിന്നെ തുടർന്നുള്ള വർഷങ്ങളിൽ ഈ ഇനത്തിലേയ്ക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും സമിതി വിലയിരുത്തി. ആയതിനാൽ 1991 മുതലുള്ള കുടിശ്ശികയുടെ ഏകദേശം നാലിലൊന്ന് തുകയായ 980.20 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ ആവശ്യമുള്ള 500 ലക്ഷം രൂപയും ചേർത്ത് ആകെ 1480.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-96 കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്- ഖാദിയുടെ ചില്ലറ വില്പനയ്ക്കുള്ള പ്രത്യേക റിബേറ്റ്

33 സബ്സിഡികൾ

2015-16 സാമ്പത്തിക വർഷത്തിൽ ഖാദിയുടെ നോർമൽ റിബേറ്റിനത്തിൽ 1000 ലക്ഷം രൂപ ആവശ്യപ്പെട്ടപ്പോൾ 713 ലക്ഷം രൂപ മാത്രമെ അനുവദിച്ചിട്ടുള്ളൂ. 2014-15 വർഷത്തിൽ 1800 ലക്ഷം രൂപയും 2013-2014 വർഷത്തിൽ 135 ലക്ഷം രൂപയും റിബേറ്റ് കുടിശ്ശിക ഇനത്തിൽ നിലനിൽക്കുന്നത് ഖാദി മേഖലയെ പ്രതികൂലമായി ബാധിക്കുന്നു. ആയതിനാൽ ഖാദി ചില്ലറ വില്പനയ്ക്കുള്ള പ്രത്യേക റിബേറ്റ് ഇനത്തിൽ 2015-2016 വർഷത്തിൽ അനുവദിക്കാതിരുന്ന 287 ലക്ഷം രൂപയും 2014-2015 വർഷത്തെ കുടിശ്ശികയായ 1800 ലക്ഷം രൂപയും 2013-14

വർഷത്തെ കുടിശ്ശികയായ 135 ലക്ഷം രൂപയും ചേർത്ത് ആകെ 2222 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ഖാദി കമ്മീഷൻ റിബേറ്റ് നിർത്തലാക്കിയ സാഹചര്യത്തിൽ, നോർമൽ റിബേറ്റിനു പുറമെ 108 ദിവസം ഉത്സവകാലങ്ങളായി കണക്കാക്കി 10% അധിക റിബേറ്റ് ഖാദി ചില്ലറ വില്പനയ്ക്ക് നൽകി വരുന്നുണ്ട്. ഇതിനായി 2010-2011 മുതൽ എല്ലാ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയ്ക്ക് പുറമെ അധിക തുക അനുവദിച്ച് വരുന്നുണ്ട്. 2015-2016 ലെ ബഡ്ജറ്റിൽ ഈ ഇനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഖാദിയുടെ ഉത്സവകാല അധിക റിബേറ്റ് ഇനത്തിൽ 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-105-87-<u>ഖാദി ബോർഡിന്റെ നിലവിലുള്ള വില്പന കേന്ദ്രങ്ങൾ പുതുക്കുന്നതിനും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനും ഗോഡൗണുകൾ നവീകരിക്കുന്നതിനും</u>

കൊല്ലം ജില്ലാ ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന നിലവിലെ വില്പന കേന്ദ്രം, സംഭരണശാല എന്നിവ ആധുനികവത്ക്കരിക്കുക, പ്രദർശന -വില്പന മേളകൾ നടത്തുക, ഇന്ത്യ- ഇന്റർനാഷണൽ ട്രെയ്ഡ് ഫെയറിൽ പങ്കെടുക്കുക എന്നീ പ്രവർത്തനങ്ങൾക്കായി ആവശ്യപ്പെട്ട 55 ലക്ഷം രൂപയുടെ സ്ഥാനത്ത് അനുവദിച്ച 32.60 ലക്ഷം രൂപ പര്യാപ്തമല്ല. ആയതിനാൽ ഖാദി വിപണന സാധ്യതകൾ വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രസ്തുത പ്രവർത്തനങ്ങൾക്കായി 22.40 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

**കയർ വ്യവസായം**

2851-00-106-99 <u>കയർ വ്യവസായ വികസനം -മേൽനോട്ടം</u>

വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന കയർ വികസന ഡയറക്ടറേറ്റിനും പ്രോജക്ട് ഓഫീസുകളുടെ കീഴിൽ വരുന്ന സർക്കിൾ ഓഫീസുകൾക്കും വാടക കുടിശ്ശികയുള്ളതായി സമിതി മനസ്സിലാക്കുന്നു. ബിൽ അടയ്ക്കാതെ വന്നിരിക്കുന്നതിനാൽ പല ഓഫീസുകളിലും ടെലിഫോൺ ബന്ധങ്ങൾ വിച്ഛേദിച്ചിരിക്കുകയുമാണ്. ആയതിനാൽ കെട്ടിട വാടക, ടെലിഫോൺ ബിൽ

എന്നിവയിലെ കടിശ്ശിക തീർക്കുന്നതിനും ഓഫീസ് വാഹനങ്ങൾക്കുള്ള ഡീസലിന്റെ ചെലവിനുമായി ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-106-93 ക്ഷേമ നടപടികൾ

കയർ തൊഴിലാളി പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റ് ക്ഷേമപദ്ധതികൾ എന്നിവ നടപ്പിലാക്കാൻ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്ന വിഹിതമാണിത്. 2011-2012 വരെ പദ്ധതി ഇനത്തിലാണ് ഇതിനായി തുക വകയിരുത്തിയിരുന്നത്. 2012-2013 മുതൽ ഇത് പദ്ധതിയേതര ഇനത്തിലേയ്ക്ക് മാറ്റുകയുണ്ടായി. പ്രതിമാസം 600 രൂപവച്ച് പെൻഷൻ കൂടാതെ കുടുംബ പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റ് ക്ഷേമ പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിനും വിരമിക്കൽ ആനുകൂല്യം നൽകുന്നതിനുമുൾപ്പെടെ ഏകദേശം 50 കോടി രൂപയിലേറെ ഒരു വർഷം ചെലവ് വരുന്നതായി സമിതി മനസ്സിലാക്കി. ആയതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-106-92 വിപണന വികസന പദ്ധതി (50% കേന്ദ്ര സഹായ പദ്ധതി)

50% കേന്ദ്ര വിഹിതമായ ഈ പദ്ധതിയിൽ കയർ ബോർഡ് റീ-ഇംബേഴ്സ്മെന്റായാണ് തുക അനുവദിക്കുന്നത്. മുൻ മൂന്ന് വർഷത്തെ വിൽപ്പനയുടെ ശരാശരി കണക്കാക്കി, അതിന്റെ 10 ശതമാനമാണ് കയർ മേഖലയിലെ അപ്പക്സ് സ്ഥാപനമായ കയർ ഫെഡിനും മറ്റ് കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സംഘങ്ങൾക്കും വിപണി വികസന സഹായമായി അനുവദിക്കുന്നത്. ഈ ഇനത്തിൽ പ്രതിവർഷം 15 കോടിയിലേറെ ചെലവ് വരുന്നതാണെന്നും 2014-15 ലെ അർഹതപ്പെട്ട തുക പൂർണ്ണമായും മടക്കി നൽകാൻ കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ 2015-2016 വർഷത്തിൽ ഏകദേശം 20 കോടി രൂപ കയർ ബോർഡിന് ഈ ഇനത്തിൽ വേണ്ടതായിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. സംസ്ഥാന വിഹിതമായി ഈ ഇനത്തിൽ 800 ലക്ഷം രൂപ

വകയിരുത്തിയിട്ടുണ്ടെങ്കിലും കേന്ദ്ര വിഹിതമായി ഒരു ലക്ഷം രൂപ മാത്രമെ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ കേന്ദ്രവിഹിതത്തിന്റെ ബാക്കി തുകയായ 799 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-106-62 <u>കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം</u>

ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന തുക കയർ സഹകരണ സംഘങ്ങളുടെ വിവിധ പുനരുജ്ജീവന പരിപാടികൾക്ക് വ്യവസ്ഥകൾ പ്രകാരം വിനിയോഗിക്കാവുന്നതാണെങ്കിലും ഇതിൽ മനുഷ്യവിഭവശേഷി, മറ്റ് ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവയ്ക്കുള്ള പ്രവർത്തന മൂലധന സഹായം വിഭാവനം ചെയ്തിട്ടില്ല എന്ന് ബഡ്ജറ്റ് രേഖകളിൽ സൂചിപ്പിച്ചിരിക്കുന്നു. കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തിക്കുവാൻ പ്രവർത്തന മൂലധനം കൂടി നൽകി പദ്ധതി നടപ്പാക്കിയാൽ മാത്രമേ സംഘങ്ങളുടെ പുനരുജ്ജീവന പരിപാടി കാര്യക്ഷമമായി നടത്തുവാൻ സാധിക്കുകയുള്ളൂ എന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക മാനവശേഷി, മറ്റ് ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവയ്ക്കുള്ള പ്രവർത്തന മൂലധനമായി ഉപയോഗിക്കുവാൻ പാടില്ല എന്ന വ്യവസ്ഥ ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സ്വകാര്യ, സഹകരണ കയർ മേഖലയിൽ കയർ കടാശ്വാസ പദ്ധതി നടപ്പിലാക്കിയിരുന്നു. സ്വയം സഹായ സംഘങ്ങളെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള കയർ കടാശ്വാസ പദ്ധതിയുടെ ഭേദഗതി നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുമാണ്. ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ കയർ കടാശ്വാസ പദ്ധതിയ്ക്കായി പദ്ധതി ഇനത്തിലോ പദ്ധതിയേതര ഇനത്തിലോ 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2006 ന് മുമ്പ് വിരമിച്ച തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകിയിട്ടില്ലെന്നും ആയതിനാൽ 2006 ന് മുമ്പ് വിരമിച്ച തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്നതിനായി 13.75 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2015-2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം ലഭിക്കുന്ന കയർ തൊഴിലാളികളുടെ മക്കൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 100 ലക്ഷം രൂപ പദ്ധതിയിനത്തിലോ പദ്ധതിയേതര ഇനത്തിലോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ഉച്ചയ്ക്കുശേഷം 2.45 ന് സമിതി യോഗം പിരിഞ്ഞു.

-----

## 29-4-2015 ലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV, 2015 ഏപ്രിൽ 29-ാം തീയതി, ബുധനാഴ്ച, ഉച്ചയ്ക്കുശേഷം 3.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു: വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു: റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ.അടൂർ പ്രകാശും പ്രസ്തുത യോഗത്തിൽ ഹാജരായി.

ഹാജരായ മറ്റ് അംഗങ്ങൾ:

1. ശ്രീ.എ.എ.അസീസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ.എസ്.തുളസീധരൻ, അഡീഷണൽ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ.പി.എച്ച്.കുര്യൻ,
   പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.
2. ശ്രീ.എ.ആർ.അജയകുമാർ,
   അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

3. ശ്രീമതി ഷൈല പി.എ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

4. ശ്രീമതി താരാസാമുവൽ, ജോയിന്റ് സെക്രട്ടറി, വിവര സാങ്കേതികവിദ്യ വകുപ്പ്.

5. ശ്രീ.പി.എം.ഫ്രാൻസിസ്, ഡയറക്ടർ, വ്യവസായ വകുപ്പ്.

6. ശ്രീ.ഡി.പി.ശ്രീകുമാർ, ഡയറക്ടർ, ഖനന-ഭൂവിജ്ഞാന ഡയറക്ടറേറ്റ്.

7. ശ്രീ.വി.രാമചന്ദ്രൻ, ഡയറക്ടർ ജനറൽ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറേറ്റ്.

8. ശ്രീ.കെ.പത്മകുമാർ, സെക്രട്ടറി, റിയാബ്, മാനേജിംഗ് ഡയറക്ടർ, മലബാർ സിമന്റ്സ് ലിമിറ്റഡ്.

9. ശ്രീ.കെ.വേണുഗോപാൽ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.

10. കമാൻഡർ കെ.ഷംസുദ്ദീൻ, മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്.

11. ഡോ.കെ.എ.രതീഷ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷൻ.

12. ശ്രീ.ജയചന്ദ്രൻ.ആർ, മാനേജിംഗ് ഡയറക്ടർ, കാപ്പക്സ്.

13. ശ്രീ.ജി.സി.ഗോപാലപ്പിള്ള, മാനേജിംഗ് ഡയറക്ടർ, കിൻഫ്ര.

14. ശ്രീ.എസ്.അശോക് കുമാർ, മാനേജിംഗ് ഡയറക്ടർ, കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്, കണ്ണൂർ.

15. ശ്രീമതി ശ്യാമള എസ്., മാനേജിംഗ് ഡയറക്ടർ, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്.

16. ശ്രീ.ഷാജഹാൻ, മാനേജിംഗ് ഡയറക്ടർ, ടി.കെ.സി.എൽ.

17. ഡോ.ടി.ഒ.വർഗീസ്, ചീഫ് മാനേജർ (പ്രോജക്ട്) സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക്സ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി.

18. ശ്രീ.കെ.മധുസൂദനൻ, മാനേജിംഗ് ഡയറക്ടർ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്.

19. ശ്രീ.അബു ജെയിംസ്, മാനേജിംഗ് ഡയറക്ടർ (ഇൻചാർജ്) ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്

20. ശ്രീ.എൻ.ആർ.സുബ്രഹ്മണ്യൻ, ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്.

21. ശ്രീ.സി.പ്രസന്നകുമാർ, മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ.

22. ശ്രീ.അബ്ദുൾ ഇ.ലത്തീഫ്, മാനേജിംഗ് ഡയറക്ടർ, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്.

23. ശ്രീ.കെ.ബി.ജയകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്.

24. ഡോ.എം.ബീന, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.

25. ശ്രീമതി നിജു.എസ്, കമ്പനി സെക്രട്ടറി ആന്റ് ചീഫ് ഫിനാൻസ് ഓഫീസർ, കേരള ഹൈസ്പീഡ് റെയിൽ കോറിഡോർ ലിമിറ്റഡ്.

26. ശ്രീ.ഋഷികേശ് നായർ, സി.ഇ.ഒ., ഇൻഫോപാർക്ക്.

27. ശ്രീ.അജിത് കുമാർ.ആർ., സി.ഇ.ഒ., സൈബർ പാർക്ക്.

28. ശ്രീ.കെ.ജി.ഗിരീഷ് ബാബു, സി.ഇ.ഒ., ടെക്നോപാർക്ക്.

29. ശ്രീ.എസ്.രാംനാഥ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.റ്റി.ഇൻഫ്രസ്ട്രക്ചർ ലിമിറ്റഡ്.

30. ഡോ.രാജശ്രീ.എം.എസ്., ഡയറക്ടർ, ഐ.ഐ.ഐ.ടി.എം-കെ.

2015-2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന "XXXVII-വ്യവസായങ്ങൾ" -ലെ 2852, 2853, 2885, 4802, 4853, 4854, 4857, 4858, 4859, 4860, 4885, 6853, 6854, 6857, 6858, 6859, 6860, 6885 എന്നീ കണക്കിനങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങൾ സമിതി

പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

വകുപ്പ് ഉദ്യോഗസ്ഥരുമായി നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ സമിതി താഴെ പറയും പ്രകാരം ശിപാർശകൾ നൽകാൻ തീരുമാനിച്ചു.

**കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ**

ബാങ്കുകളുടെ ബാധ്യത് സർക്കാർ ഏറ്റെടുത്ത വകയിൽ നൽകാൻ ബാക്കിയുള്ള 40 കോടി രൂപയും പലിശയും, നിലവിലെ ബാധ്യതയായ 59 കോടി രൂപയും ചേർത്ത് ആകെ 99 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2014 വർഷം വരെ റിട്ടയർ ചെയ്ത കശുവണ്ടി തൊഴിലാളികൾക്ക് ഗ്രാറ്റ്വിറ്റി നൽകുന്നതിനായി 50 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

കശുവണ്ടി വികസന കോർപ്പറേഷന് 2015-2016 വർഷത്തെ പ്രവർത്തന മൂലധനമായി 100 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

കശുവണ്ടി വികസന കോർപ്പറേഷൻ വാടകയ്ക്ക് എടുത്തിട്ടുള്ള ഫാക്ടറികൾ വിലയ്ക്ക് വാങ്ങുന്നതിന് 25 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

സർക്കാർ കശുവണ്ടി വികസന കോർപ്പറേഷന് നൽകിയിട്ടുള്ള 231.62 കോടി രൂപയുടെ വായ്പ ഓഹരി മൂലധനമായി മാറ്റി നൽകണമെന്ന് സമിതി ശിപാർശ ചെയ്യു.

ഗ്യാരന്റികമ്മീഷനായി നൽകേണ്ട 3.92 കോടി രൂപയും അതിന്റെ പലിശയും കശുവണ്ടി വികസന കോർപ്പറേഷന് ഒഴിവാക്കി നൽകണമെന്ന് സമിതി ശിപാർശ ചെയ്യു.

## കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപ്പക്സ്)

ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ മറ്റ് നിയമാനുസൃത ബാധ്യതകൾ എന്നിവ ഒറ്റത്തവണയായി തീർപ്പാക്കുന്നതിലേക്കായി 3.5 കോടി രൂപയും ഗ്രാറ്റ്വിറ്റി ബാദ്ധ്യതകൾക്കായി 5.5 കോടി രൂപയും ചേർത്ത് കാപ്പക്സിന് 9 കോടി രൂപ നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

## പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡ് (റിയാബ്)

2852-80-102-97 – <u>പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ്</u>

2015-2016 സാമ്പത്തിക വർഷത്തിൽ റിയാബിന്റെ പ്രവർത്തനങ്ങൾക്കായി നോൺ പ്ലാൻ ഇനത്തിൽ 10 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് 8-1-2014-ലെ 30/2014/ID നമ്പർ സർക്കാർ ഉത്തരവു പ്രകാരം റിയാബിനെ ചുമതലപ്പെടുത്തിയിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. റിയാബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിലവിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. ആയതിനാൽ റിയാബിന് നോൺപ്ലാൻ ഇനത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

റിയാബിന് നിലവിൽ സ്വന്തമായി ഓഫീസ് കെട്ടിടമില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സർക്കാർ ഉടമസ്ഥതയിലോ മറ്റു സർക്കാർ ഏജൻസികളുടെ ഉടമസ്ഥതയിലോ ഉള്ള കെട്ടിടത്തിൽ സ്ഥിരമായ ഒരു ഓഫീസ് സൗകര്യം ഉണ്ടാക്കുന്നതിനുള്ള അനുമതി നൽകുന്നതിനും ആയതിന്റെ ആദ്യഘട്ട ധനസഹായമായി 100 ലക്ഷം രൂപ പ്ലാൻ ഇനത്തിൽ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യു.

## കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ്

4885-01-190-99 - കേരള സംസ്ഥാന വ്യാവസായിക വികസന കോർപ്പറേഷൻ
(01) നിക്ഷേപങ്ങൾ

### ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്, കൊച്ചി

കേരളത്തിലെ ഇലക്ട്രോണിക് വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ഒരു ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചതനുസരിച്ച് കൊച്ചിയിലെ ആമ്പല്ലൂരിൽ കണ്ടെത്തിയ 171 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനും, മതിൽ, റോഡ്, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, സെക്യൂരിറ്റി കാബിൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ രൂപീകരിക്കുന്നതിനും ബഡ്ജറ്റിൽ കെ.എസ്.ഐ.ഡി.സി-യ്ക്ക് വകയിരുത്തിയിട്ടുള്ള 3.5 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ക്രയവിക്രയം ചെയ്യാവുന്ന രീതിയിൽ ഭൂമി ഏറ്റെടുക്കൽ നടത്തി പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് അടിയന്തരസഹായം അനിവാര്യമാണ്. ആയതിനാൽ ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്കിനായി 100 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

### പെട്രോകെമിക്കൽ പാർക്ക്

കേന്ദ്ര സർക്കാരിന്റെ പി.സി.പി.ഐ.ആർ നയസമീപനങ്ങൾക്കനുസൃതമായിട്ടാണ് കേരള സർക്കാർ കൊച്ചിയിൽ പി.സി.പി.ഐ.ആർ പദ്ധതി വിഭാവനം ചെയ്തത്. എന്നാൽ ഉദ്ദേശിച്ച തരത്തിൽ പദ്ധതി പ്രവർത്തനം പുരോഗമിക്കാതിരുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയ്ക്ക് പകരം ഒരു പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുവാൻ സർക്കാരിൽ നിന്ന് നിർദ്ദേശം ഉണ്ടാകുകയും അതനുസരിച്ച് കൊച്ചിൻ റിഫൈനറിയുടെ സമീപത്ത് 118.38 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പെട്രോകെമിക്കൽ പാർക്കിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനായി വാർഷികപദ്ധതിയിൽ അനുവദിച്ച 1 ലക്ഷം രൂപയ്ക്ക് പുറമെ 25 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

## കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ)

'കെൽ' കുണ്ടറ യൂണിറ്റിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 2010-2011 സാമ്പത്തിക വർഷം സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിൽ നിന്നും ബ്രിഡ്ജ് ലോൺ ആയി സർക്കാർ അനുമതിയോടുകൂടി ലഭിച്ച തുക തിരിച്ചടയ്ക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന 'കെൽ' ന്റെ കുണ്ടറ യൂണിറ്റിലെ അധിക ജീവനക്കാർക്ക് വി.ആർ.എസ് നൽകി പിരിച്ചുവിടുന്നതിനും യൂണിറ്റ് പുനരുദ്ധരിക്കുന്നതിനും സർക്കാർ നടത്തിയ വിദഗ്ധ ചർച്ചയുടെ അടിസ്ഥാനത്തിൽ നൽകിയ റിപ്പോർട്ട് പ്രകാരം തീരുമാനിച്ചതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത യൂണിറ്റിന്റെ പുനരുദ്ധാരണത്തിന് തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ കെൽ കുണ്ടറ യൂണിറ്റിന്റെ സമഗ്ര പുനരുദ്ധാരണത്തിനും അധിക ജീവനക്കാർക്ക് വി.ആർ.എസ്. നൽകി പിരിച്ചുവിടുന്നതിനുമായി 18.6 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

'കെൽ' ഒലവക്കോട് യൂണിറ്റിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

'കെൽ' മാമല യൂണിറ്റിന്റെ നിലവിലുള്ള ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമർ പ്ലാന്റ് ആധുനികവൽക്കരിക്കുന്നതിനും കാലപ്പഴക്കം ചെന്ന യന്ത്രങ്ങൾ മാറ്റി സ്ഥാപിച്ച് പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി 800 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2003-04 കാലഘട്ടത്തിൽ കമ്പനിയിൽ നിന്ന് VRS പ്രകാരം പിരിഞ്ഞുപോയവർക്ക് കൊടുക്കുവാനുള്ള ശമ്പള കുടിശ്ശിക നൽകുവാൻ സുപ്രീം

കോടതി ഉത്തരവായതിനെ തുടർന്ന് സർക്കാർ ഉത്തരവു പ്രകാരം പ്രോജക്ട് ഫണ്ടിൽ നിന്നും തൽക്കാലം നൽകുകയുണ്ടായി. പ്രോജക്ടിന് പ്രസ്തുത തുക വീണ്ടും വിനിയോഗിക്കുന്നതിനായി 89 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

## സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്

സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിൽ 16 ടൺ ഹാമ്മർ സ്ഥാപിച്ചത് വലിയ ഒരു നേട്ടമാണ്. എന്നാൽ ഇതിന് സഹായകമായ ചില ബാലൻസിംഗ് ഉപകരണങ്ങൾ 1600 ടൺ ട്രിമ്മിംഗ് പ്രസ്സ് ഉൾപ്പെടെ വാങ്ങുകയാണെങ്കിൽ ഉൽപ്പാദനം ഏറെ വർദ്ധിപ്പിക്കാൻ സാധിക്കും. ഇതിന് 9.85 കോടി രൂപ ചെലവ് കണക്കാക്കുന്നു. കൂടാതെ ഉപയോഗശൂന്യമായതും കാലഹരണപ്പെട്ടതുമായ 10 ടൺ ഹാമ്മർ പുന:സ്ഥാപിക്കേണ്ടതിനായി 12 കോടി രൂപ വേണ്ടതായിട്ടുണ്ട്. ഏകദേശം 9 കോടി രൂപ ചെലവഴിച്ച് പ്രവർത്തനമാരംഭിച്ച ഷൊർണ്ണൂർ മെഷീനിംഗ് യൂണിറ്റിന്റെ ലാഭകരമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് ഇംപോർട്ടഡ് ഗിയർ ഗ്രൈന്റിംഗ് മെഷീനും അനുബന്ധ ഉപകരണങ്ങളും കൂടി ഉണ്ടാകേണ്ടതുണ്ട്. ഇതിന് ഏകദേശം 6.6 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു. കമ്പനിയിൽ ലഭ്യമായ സാമ്പത്തിക സ്രോതസ്സ് മൂലധന നിക്ഷേപത്തിനായി ഉപയോഗിച്ചിരിക്കുകയാണ്. ആയതിനാൽ സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾക്കായി 28.45 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

## അഭിവൃദ്ധിപ്പെടാൻ സാധ്യതയുള്ള പൊതുമേഖലാ യൂണിറ്റുകൾ

4885-60-800-96 - <u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിധ്യവൽക്കരണത്തിനും ഉള്ള തുക</u>

ഉൽപാദന മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ കാലഹരണപ്പെട്ട യന്ത്രസാമഗ്രികൾ മാറ്റി നൂതന സാങ്കേതികവിദ്യ അടിസ്ഥാനപ്പെടുത്തിയുള്ള ആധുനികവത്ക്കരണത്തിനും നവീകരണത്തിനും ഉൽപ്പന്നങ്ങളുടെ

വൈവിധ്യവൽക്കരണത്തിനുമായി പ്രസ്തുത ശീർഷകത്തിൽ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2014-2015 സാമ്പത്തിക വർഷം 4885-60-800-96 എന്ന ശീർഷകത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സംവിധാനം നടപ്പിലാക്കുന്നതിനായി അനുവദിച്ച 5 കോടി രൂപയും പൊതുമേഖലാസ്ഥാപനങ്ങളുടെ പരിശീലന പരിപാടികൾക്കായി അനുവദിച്ച 2.50 കോടി രൂപയും ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

## കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)

6885-60-190-99 - കേരള ഇൻഡസ്ട്രിയൽ ഇൻഫ്രസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷനുള്ള വായ്പകൾ

കിൻഫ്ര പാർക്കുകളിലെ അടിസ്ഥാന സൗകര്യവികസനത്തിനും മുൻകാലങ്ങളിൽ ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം നൽകുന്നതിനും അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ കിൻഫ്രയ്ക്ക് 70 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

## വിവരസാങ്കേതികവിദ്യ വകുപ്പ്

4859-02-800-98 - വിവരസാങ്കേതികവിദ്യയ്ക്കായി സ്ഥലമെടുക്കുന്നതിനും അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിനും

(01) - ടെക്നോപാർക്ക്

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടെക്നോപാർക്കിന്റെ സ്ഥലമെടുപ്പിന് 10 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ സ്ഥലത്തിന്റെ വില പുനർനിർണ്ണയിച്ച് നൽകേണ്ടി വരുന്ന സാഹചര്യത്തിൽ പ്രസ്തുത തുക പര്യാപ്തമല്ല. ആയതിനാൽ ടെക്നോപാർക്കിന്റെ സ്ഥലമെടുപ്പിന് 100 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4859-02-800-97 - വിവരസാങ്കേതികവിദ്യയ്ക്കായി അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിന്-സൈബർ പാർക്ക്-നബാർഡ് സഹായത്തോടെ

2015-16 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 11 കോടി രൂപ മാത്രമേ RIDF പ്ലാൻ ഹെഡ്ഡിൽ സൈബർ പാർക്കിന് വകയിരുത്തിയിട്ടുള്ളൂ. സൈബർ പാർക്ക് ഒന്നാംഘട്ട പദ്ധതിയുടെ പൂർത്തീകരണത്തിന് തുക പര്യാപ്തമല്ലാത്തതിനാൽ, സൈബർ പാർക്കിന് 25 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4859-02-800-98 - വിവരസാങ്കേതിക വിദ്യയ്ക്കായി സ്ഥലമെടുക്കുന്നതിനും അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിനും

(03) ഇൻഫോപാർക്ക്

ഇൻഫോപാർക്കിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ ഇൻഫോപാർക്കിന്റെ പദ്ധതികൾക്കായി 100 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4859-02-190-93- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് -ഓഹരി മൂലധന നിക്ഷേപം

വിവരസാങ്കേതിക വിദ്യയിലും അനുബന്ധ മേഖലകളിലും ഗുണസമ്പൂർണ്ണമായ ബിരുദാനന്തര വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ 2000 -ത്തിൽ തിരുവനന്തപുരത്ത് ആരംഭിച്ച വിദ്യാഭ്യാസ -ഗവേഷണ സ്ഥാപനമാണ് ഐ.ഐ.ഐ.ടി.എം.കെ. നിലവിൽ വാടക മന്ദിരത്തിൽ പ്രവർത്തിക്കുന്ന ഈ മികവിന്റെ വിദ്യാലയത്തിനായി തിരുവനന്തപുരം ടെക്നോസിറ്റിയിൽ161 കോടി രൂപ മതിപ്പ് നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്ന പൂർണ്ണ സജ്ജമായ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം നടന്നുവരുന്നു. പ്രസ്തുത പദ്ധതിയുടെ 72 കോടി രൂപ ചെലവ് വരുന്ന ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പ് സാമ്പത്തിക

വർഷം ഒക്ടോബർ 31 ന് പൂർത്തിയാകുന്നതാണ്. എന്നാൽ ഐ.ഐ.ഐ.ടി.എം-കെ യുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷത്തിലേക്ക് സർക്കാരിന്റെ ഓഹരി മൂലധന നിക്ഷേപമായി 15 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ഈ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 30 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

4859-02-004-98- <u>വിജ്ഞാന നഗരം</u>

തിരുവനന്തപുരം പള്ളിപ്പുറത്ത് ടെക്നോപാർക്ക് ടെക്നോസിറ്റി പദ്ധതിയ്ക്കു വേണ്ടി ഏറ്റെടുത്ത 423 ഏക്കർ ഭൂമിയിൽ 150 ഏക്കറിലാണ് നോളഡ്ജ് സിറ്റി വിഭാവനം ചെയ്തിരിക്കുന്നത്. വിജ്ഞാന നഗരം പ്രാവർത്തികമാക്കുന്നതിന്റെ പ്രീ-ഫീസിബിലിറ്റി റിപ്പോർട്ട് അക്സെൻചർ എന്ന കമ്പനി നടത്തിയിട്ടുണ്ട്. പി.പി.പി. മോഡലിൽ പദ്ധതി നടത്തിക്കൊണ്ടു പോകത്തക്ക രീതിയിൽ സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുവാനായി നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിനാൽ വിജ്ഞാന നഗരത്തിന്റെ സ്ഥലമെടുപ്പിനുവേണ്ടി ടെക്നോപാർക്കിന് ചെലവായ 316.25 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

## റൂറൽ ഐ.റ്റി.ആന്റ് ഇലക്ട്രോണിക്സ് പാർക്ക് -ടെക്നോലോഡ്ജസ്

ഗ്രാമീണ മേഖലയിൽ വേഗതയുള്ള ബ്രോഡ്ബാന്റ് (കുറഞ്ഞത് 100 mbps) സൗകര്യം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് NOFN (നാഷണൽ ഒപ്റ്റിക് ഫൈബർ നെറ്റ് വർക്ക്). NOFN പദ്ധതിയുടെ സാക്ഷാത്കാരത്തിൽ പങ്കാളിയാകാൻ കെ.എസ്.ഐ.റ്റി.ഐ.എൽ-ന് താല്പര്യമുണ്ട്. ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഐ.റ്റി ഐ.എൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള സ്ഥലമോ കെട്ടിടങ്ങളോ ഏറ്റെടുത്ത് ടെക്നോലോഡ്ജസ് ആക്കി റൂറൽ ഇൻഫർമേഷൻ ടെക്നോളജി ആന്റ് ഇലക്ട്രോണിക്സ് 'RITEL'എന്ന പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

BPO, ഇലക്ട്രോണിക്സ്, മറ്റ് അനുബന്ധ ചെറുകിട സംരംഭങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. റൂറൽ ഐ.റ്റി. ആന്റ് ഇലക്ട്രോണിക്സ് പാർക്ക് പദ്ധതിയുടെ പ്രാരംഭ നടപടികൾക്കായി പുതിയ ഒരു ശീർഷകം ആരംഭിച്ച് 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

വൈകുന്നേരം 4.15 ന് സമിതി യോഗം പിരിഞ്ഞു.

-------

## 04-5-2015 ലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV, 2015 മെയ് 4-ാം തീയതി, തിങ്കളാഴ്ച രാവിലെ 10.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു.വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അസാന്നിദ്ധ്യത്തിൽ, സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗം ബഹു.റവന്യൂവും കയറും വകുപ്പ് മന്ത്രി ശ്രീ.അടൂർപ്രകാശിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

സമിതിയിലെ താഴപ്പറയുന്ന അംഗങ്ങളും യോഗത്തിൽ ഹാജരായി.

### ഹാജരായ അംഗങ്ങൾ

1. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി എം.എൽ.എ.
2. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി എം.എൽ.എ.

### നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ.എസ്.തുളസീധരൻ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എം.ആർ.മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി

2015-2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന 'XXXVII-വ്യവസായങ്ങൾ'- ന്റെ സൂക്ഷ്മ

പരിശോധന സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിന്റെ കരട് യോഗത്തിൽ പരിഗണിച്ചു.

റിപ്പോർട്ടിലെ 6885-60-190-99 കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനുള്ള വായ്പകൾ എന്ന ശീർഷകത്തിൽ "കിൻഫ്ര പാർക്കുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും മുൻകാലങ്ങളിൽ ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം നൽകുന്നതിനും അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ കിൻഫ്രയ്ക്ക് 69.1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു." എന്ന ഖണ്ഡികയിൽ 69.1 കോടി എന്നതിന് പകരം 70 കോടി എന്ന് ഭേദഗതി വരുത്താൻ സമിതി നിർദ്ദേശിച്ചു.

പ്രസ്തുത ഭേദഗതി ഉൾപ്പെടുത്തി 2015-2016 ലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന XXXVII -വ്യവസായങ്ങൾ - ന്റെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

രാവിലെ 11.00 മണിയ്ക്ക് സമിതി യോഗം പിരിഞ്ഞു.

----------

## 30-6-2015-ലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV, 2015 ജൂൺ 30-ാം തീയതി, ചൊവ്വാഴ്ച, സഭ പിരിഞ്ഞ ശേഷം, നിയമസഭാ സമുച്ചയത്തിലെ '5 ഡി 'സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ, വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശും പ്രസ്തുത യോഗത്തിൽ ഹാജരായി.

<u>ഹാജരായ മറ്റ് അംഗങ്ങൾ:</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി എം.എൽ.എ.

2. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. എസ്. ത്തുളസീധരൻ, അഡീഷണൽ സെക്രട്ടറി

2. ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. പി. എച്ച്. കുര്യൻ

   പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്

2. ശ്രീ. പി. സി. കാസിം,

   അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്

3. ശ്രീ. ജി. സി. ഗോപാലപിള്ള, മാനേജിംഗ് ഡയറക്ടർ, കിൻഫ്ര

4. ശ്രീ. കെ. ബി. ജയകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്

5. ശ്രീ. പ്രസന്നകുമാർ, മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ

6. ശ്രീ. കെ. വേണുഗോപാൽ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

7. ശ്രീ. എസ്. എം. ആരിഫ്, മാനേജിംഗ് ഡയറക്ടർ, എച്ച്.ഡി.സി.കെ. ലിമിറ്റഡ്

വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2014-15-ലെ ആനുകാലിക റിപ്പോർട്ട്, 'ഫ്രണ്ട്സ്' 'ജനസേവനകേന്ദ്രങ്ങളുടെ പ്രവർത്തനം, അക്ഷയ പദ്ധതി എന്നിവ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് എന്നിവയുടെ കരട് സമിതി പ്രസ്തുത യോഗത്തിൽ പരിഗണിച്ചു.

1. 2014-2015-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ

(ഫയൽ നം. 3166/സബ്.സി.ബി2/2014/നി.സെ)

ഖണ്ഡിക 46, 65, 66 എന്നിവയിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

2. 2013-2014-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ

(ഫയൽ നം. 2798/സബ്.സി.ബി-2/2013/നി.സെ)

ഖണ്ഡിക 19, 20, 41, 42, 43, 44, 45, 51, 52, 53, 54, 55, 56 എന്നിവയിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

3. 2012-2013-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ

(ഫയൽ നം. 3072/സബ്.സി.ബി2/2012/നി.സെ)

ഖണ്ഡിക 25, 26, 33, 34 എന്നിവയിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

4. 2014-2015-ലെ ആനുകാലിക റിപ്പോർട്ട്

(ഫയൽ നം. 2110/സബ്.സി.ബി2/2015/നി.സെ)

2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

5. 2014-2015-ലെ ആക്ഷൻ ടേക്കൺ റിപ്പോർട്ട്

(ഫയൽ നം. 3274/സബ്.സി.ബി.2/2015/നി.സെ.)

2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളടങ്ങുന്ന ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

6. ' ഫ്രണ്ട്സ് ' ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം, അക്ഷയ പദ്ധതി എന്നിവ സംബന്ധിച്ച റിപ്പോർട്ട്

( ഫയൽ നം. 4525/സബ്.സി.ബി-2/ 2014/നി.സെ

'ഫ്രണ്ട്സ് ' ജനസേവനകേന്ദ്രങ്ങളുടെ പ്രവർത്തനം അക്ഷയ പദ്ധതി എന്നിവ സംബന്ധിച്ച് ചട്ടം 235 (i) (iii) പ്രകാരമുള്ള റിപ്പോർട്ട് സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

സമിതി വൈകുന്നേരം 5. 35-ന് യോഗം പിരിഞ്ഞു.

---

## 23-7-2015-ലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV, 2015 ജൂലൈ 23-ാം തീയതി, വ്യാഴാഴ്ച, സഭ പിരിഞ്ഞ ശേഷം, ഉച്ചയ്ക്ക് 12-30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ, ബഹു.വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

ഹാജരായ മറ്റ് അംഗങ്ങൾ:

1. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, എം.എൽ.എ.
2. ശ്രീ. ഹൈബി ഈഡൻ, എം.എൽ.എ.
3. ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.

4. ശ്രീ. സാജുപോൾ, എം.എൽ.എ.

5. ശ്രീ. വി. ശശി. എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. എസ്. തുളസീധരൻ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമവകുപ്പ്.
2. ശ്രീമതി എസ്. കുമാരി സുധ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.
3. ശ്രീ. ജയചന്ദ്രൻ ആർ., മാനേജിംഗ് ഡയറക്ടർ, കാപ്പക്സ്.

2015 ജൂലൈ 22-ാം തീയതി നിയമസഭയിൽ അവതരിപ്പിച്ച്, അന്നേദിവസം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ച 'ദി കേരള കാഷ്യൂ ഫാക്ടറീസ് (അക്വിസിഷൻ) അമെൻഡ്മെന്റ് ബിൽ 2015, സമിതി പരിഗണനയ്ക്കെടുത്തു.

സമിതി ആവശ്യപ്പെട്ടതനുസരിച്ച് 'ദി കേരള കാഷ്യൂ ഫാക്ടറീസ് (അക്വിസിഷൻ) അമെൻഡ്മെന്റ് ബിൽ, 2015' കൊണ്ടുവരാനുണ്ടായ സാഹചര്യം നിയമവകുപ്പ് സെക്രട്ടറി വിശദീകരിച്ചു. കാപ്പക്സിന്റെ കീഴിലുള്ള പത്ത് കശുവണ്ടി ഫാക്ടറികൾ ഉടമസ്ഥർക്കുതന്നെ വിട്ടുകൊടുക്കണമെന്നുള്ള സുപ്രീം കോടതി വിധിയാണ് പ്രസ്തുത ബില്ലിന് ആധാരമെന്ന് അദ്ദേഹം സമിതി മുമ്പാകെ ബോധിപ്പിച്ചു. സർക്കാർ ഏറ്റെടുത്ത പത്ത് ഫാക്ടറികളിൽ എട്ട് ഫാക്ടറികളുടെ ഉടമകൾ നഷ്ടപരിഹാരം സ്വീകരിക്കുകയും ഒരു ഫാക്ടറി ഉടമ നഷ്ടപരിഹാരം എതിർപ്പോടെ സ്വീകരിക്കുകയുണ്ടായെന്നും, എന്നാൽ ഒരു ഉടമ നഷ്ടപരിഹാരം സ്വീകരിക്കാതെ സുപ്രീം കോടതിയിൽ കേസ് നൽകിയതായും, ഇതിന്റെ

അടിസ്ഥാനത്തിൽ കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി നിയമത്തിലെ 6-ാം വകുപ്പ് റദ്ദ് ചെയ്യുകയും കാപ്പക്സിന്റെ കീഴിലുള്ള പത്ത് ഫാക്ടറികളും ഉടമകൾക്ക് വിട്ടുനൽകാൻ ഉത്തരവാകുകയും ചെയ്തതായി നിയമവകുപ്പ് സെക്രട്ടറി വ്യക്തമാക്കി. ഇത് മറികടക്കുന്നതിനായി, നിയമത്തിലെ അപാകത പരിഹരിച്ചുകൊണ്ടാണ് പ്രസ്തുത ബിൽ കൊണ്ടുവരുന്നതെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

തുടർന്ന്, ദി കേരള കാഷ്യൂ ഫാക്ടറീസ് (അക്വിസിഷൻ) അമെൻഡ്മെന്റ് ബിൽ, 2015 സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

സമിതി അംഗങ്ങളായ സർവ്വശ്രീ വി. ശശി, സി. കൃഷ്ണൻ, സാജുപോൾ എന്നിവർ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി.

സമിതി ഉച്ചയ്ക്ക് 1.00 മണിയ്ക്ക് യോഗം പിരിഞ്ഞു.

---

## 9-09-2015 ലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV, 2015 സെപ്റ്റംബർ 9-ാം തീയതി, ബുധനാഴ്ച, ഉച്ചയ്ക്ക് ശേഷം 3.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷൻ, ബഹു.വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി.

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി എം.എൽ.എ.
2. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി എം.എൽ.എ.
3. ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.
4. ശ്രീ. സാജുപോൾ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീമതി എം.ആർ.മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ.ആർ.മോഹനദാസ്, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ശ്രീ. പി. എച്ച്. കര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വിവരസാങ്കേതിക വിദ്യ വകുപ്പുകൾ.
2. ശ്രീ. കെ. മുഹമ്മദ് വൈ. സഫറുള്ള, ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ.
3. ശ്രീ. ഡി.പി. ശ്രീകുമാർ, ഡയറക്ടർ, മൈനിംഗ് ആന്റ് ജിയോളജി.
4. ശ്രീ.വിജയകുമാർ. കെ., ഡയറക്ടർ, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്.
5. ശ്രീ. കെ. ജെയിംസ് ജോസഫ്, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
6. ശ്രീമതി ശോഭന എൻ.ഡി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.
7. ശ്രീമതി പി. ബി. രാധിക, ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്.

കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്, കേരള മിനറൽ (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആന്റ് ട്രാൻസ്പോർട്ടേഷൻ) റൂൾസ് എന്നിവയുമായി ബന്ധപ്പെട്ട എസ്.ആർ.ഒ കൾ, 2015-ലെ കേരള വിവരസാങ്കേതിക വിദ്യ (ഇലക്ട്രോണിക് സേവനങ്ങളുടെ വിതരണം) ഭേദഗതി ചട്ടങ്ങളുടെ കരട്, ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് സർവ്വീസ് സ്പെഷ്യൽ (അമെൻഡ്മെന്റ്) റൂൾസ്, 2010 സംബന്ധിച്ച കുറിപ്പ് എന്നിവ സമിതി പ്രസ്തുത യോഗത്തിൽ പരിഗണിച്ചു.

**I എസ്.ആർ.ഒ. കൾ**

1. കേരള മൈനർ മിനറൽ കൺസഷൻ (അമെൻഡ്മെന്റ്) റൂൾസ്, 2015-
   എസ്.ആർ.ഒ.നം. 28/2015
   (ഫയൽ നം. 2093/സബ്.സി.ബി2/2015/നി.സെ. )

ചെറുകിട ധാതുക്കളുടെ ഖനനം, കടത്ത് എന്നിവ നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്,

1967- ൽ കൊച്ചി മെട്രോ റെയിലിന്റെ നിർമ്മാണത്തിനായി ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ഏറ്റെടുത്ത പുറമ്പോക്ക് ഉൾപ്പെടെയുള്ള ഭൂമിയിൽ നിന്നും ചെറുകിട ധാതുക്കൾ എടുക്കുന്നതിന് പെർമിറ്റ് അല്ലെങ്കിൽ പാട്ടം, റോയൽറ്റി എന്നിവ ഒഴിവാക്കി ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിരുന്നു (എസ്.ആർ.ഒ. 191/2014). പ്രസ്തുത ഇളവ് ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷൻ പാട്ടത്തിനെടുത്ത ഭൂമിക്കുകൂടി ബാധകമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള എസ്.ആർ.ഒ. 28/2015 സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

2. കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്, 1967- ലെ ചട്ടം 62 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് കൈമാറുന്നത് സംബന്ധിച്ച വിജ്ഞാപനം- എസ്.ആർ.ഒ. നം. 27/2015.
(ഫയൽ നം. 2823/സബ്.സി.ബി2/2015/നി.സെ. )

കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്, 1967- ലെ ചട്ടം 62 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് കൈമാറുന്നത് സംബന്ധിച്ച എസ്.ആർ.ഒ. നം. 27/2015, സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

3. കേരള മൈനർ മിനറൽ കൺസഷൻ (അമെൻഡ്മെന്റ്) റൂൾസ് 2015- എസ്.ആർ.ഒ.നം. 18/2015.
(ഫയൽ നം. 2824/സബ്.സി.ബി2/2015/നി.സെ)

1967- ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ക്വാറി/ലീസ് ഉടമകളിൽ നിന്ന് സർക്കാർ ഈടാക്കി വരുന്ന റോയൽറ്റി നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള എസ്.ആർ.ഒ. 18/2015 സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

4. കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്, 2015- എസ്.ആർ.ഒ. നം. 72/2015

(ഫയൽ നം. 2769/സബ്.സി.ബി2/2015/നി.സെ)

'ദീപക് കുമാർ Vs ഹരിയാന സ്റ്റേറ്റ്' കേസിൽ സുപ്രീംകോടതിയുടെ ഇടക്കാല വിധിയിൽ കേന്ദ്ര ഖനി മന്ത്രാലയം തയ്യാറാക്കിയ മാതൃകാ ചട്ടങ്ങളും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ച് ഖനനാനുമതി നൽകുന്നതിന് അംഗീകൃത മൈനിംഗ് പ്ലാൻ, പരിസ്ഥിതി ആഘാത പഠനം എന്നിവ നിർബന്ധമാക്കിക്കൊണ്ട് ഖനന ചട്ടങ്ങൾ പരിഷ്കരിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്, 2015(എസ്.ആർ.ഒ. നം. 72/2015) സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

5. കേരള മിനറൽ (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആന്റ് ട്രാൻസ്പോർട്ടേഷൻ) റൂൾസ്, 2015- എസ്.ആർ.ഒ.നം. 73/2015.

ധാതുക്കളുടെ ശേഖരണം, കടത്ത് എന്നിവ തടയുന്നതിനാവശ്യമായ ചട്ടങ്ങൾ കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്, 1967- ൽ ഉൾപ്പെടുത്തിയതിനോട് ബഹു.സുപ്രീം കോടതി വിയോജിപ്പ് പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങളിൽ സമഗ്രമായ മാറ്റം വരുത്തി പുതിയ ചട്ടങ്ങൾ രൂപീകരിക്കുന്നതിനായി പുറപ്പെടുവിച്ച കേരള മിനറൽ (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആന്റ് ട്രാൻസ്പോർട്ടേഷൻ) റൂൾസ്, 2015 (എസ്.ആർ.ഒ.നം. 73/2015)സമിതി പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

**<u>II. കരട് ചട്ടങ്ങൾ</u>**

2015-ലെ കേരള വിവരസാങ്കേതിക വിദ്യ (ഇലക്ട്രോണിക് സേവനങ്ങളുടെ വിതരണം) ഭേദഗതി ചട്ടങ്ങൾ (കരട്)

(ഫയൽ നം. 571/സബ്.സി.ബി2/2015/നി.സെ)

കേരള വിവരസാങ്കേതിക വിദ്യ (ഇലക്ട്രോണിക് സേവനങ്ങളുടെ വിതരണം) ചട്ടങ്ങൾ (എസ്.ആർ.ഒ.നം.797/2010)

പൊതുതാല്പര്യം ലക്ഷ്യമാക്കി അടിയന്തരമായി പുറപ്പെടുവിക്കേണ്ടി വന്ന കേരള വിവരസാങ്കേതിക വിദ്യ (ഇലക്ട്രോണിക് സേവനങ്ങളുടെ വിതരണം) ചട്ടങ്ങൾ (എസ്.ആർ.ഒ.നം. 797/2010, 298/2011) എന്നിവ കരട് രൂപത്തിലോ ചട്ടങ്ങൾ പുറപ്പെടുവിച്ച ശേഷമോ സമിതിയ്ക്ക് സമർപ്പിക്കാതിരുന്നതിന് ഖേദം പ്രകടിപ്പിച്ചു കൊണ്ടുള്ള കുറിപ്പ് സമിതി അംഗീകരിച്ചു. തുടർന്ന് 2015- ലെ കേരള വിവര സാങ്കേതിക വിദ്യ(ഇല്ക്ട്രോണിക് സേവനങ്ങളുടെ വിതരണം) ഭേദഗതി ചട്ടങ്ങളുടെ കരട് പരിഗണിക്കുകയും താഴെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

1) ചട്ടം 2 ലെ 1-ാം ഉപചട്ടത്തിലെ പിരിവ് (fa) യിൽ 'Order' എന്ന വാക്കിന് പകരം 'Orders' എന്ന് ചേർക്കുന്നതിനും

2) ചട്ടം 26-ൽ 'Right to Information Act, 2005- First Appeal' എന്നതിന് പകരം 'First Appeal under the Right to Information Act, 2005'എന്നും

3) Form 12C, Form 25C, Form 26, Form 27, Form 28 എന്നിവയിൽ 'Information Technology(IT) Act, 2000' എന്നതിനു പകരം 'Information Technology Act, 2000 (Central Act 21 of 2000) എന്നും

4) Form 28- ൽ 'Rs.2' എന്നതിന് പകരം ₹2 എന്നും ഭേദഗതി വരുത്തുന്നതിനും

5) Explanatory Note- ന്റെ ആരംഭത്തിൽ താഴെ ചേർത്തിരിക്കുന്ന വാചകങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനും സമിതി നിർദ്ദേശിച്ചു.

" The Kerala Information Technology (Electronic Delivery of Services) Rules, 2010 issued as per notification issued under G.O(P) No.24/2010/ITD dated 4th August, 2010 and published as S.R.O.

No.797/2010 in the Kerala Gazette Extra ordinary No.1858 dated 10th August, 2010 were amended as per The Kerala Information Technology(Electronic Delivery of Services) Amendment rules, 2011 issued under G.O(P) No.14/2011/ITD dated 15th March, 2011 and published as S.R.O.No.298/2011 in the Kerala Gazette Extraordinary No. 1016 dated 16th May, 2011. Now..."

7) ട്രാവൻകൂർ- കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് സർവ്വീസ് സ്പെഷ്യൽ(അമെൻഡ്മെന്റ്) റൂൾസ്, 2010 സംബന്ധിച്ച കുറിപ്പ്.

(ഫയൽ നം. 2071/സബ്.സി.ബി2/2012/നി.സെ)

21-01-2014-ലെ വിഷയനിർണ്ണയസമിതി IV-ന്റെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്ത ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് സർവ്വീസ് സ്പെഷ്യൽ (അമെൻഡ്മെന്റ്) റൂൾസ്, 2010, ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച എസ്.ആർ.ഒ.നം. 438/2014 എന്നിവ തമ്മിൽ വ്യത്യാസങ്ങൾ ഉണ്ടായതിന് വകുപ്പ് നൽകിയ വിശദീകരണം സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

വൈകന്നേരം 4.00 മണിയ്ക്ക് സമിതി യോഗം പിരിഞ്ഞു.

-------------------

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.